ഭരണഭാഷ-മാതൃഭാഷ

നമ്പർ.401004/RPDC17/GENERAL/2023/13899/(1)

മീനങ്ങാടി ഗ്രാമ പഞ്ചായത്ത് ആഫീസ്

പുറക്കാടി
മീനങ്ങാടി.പി.ഓ
വയനാട്
Phone No:04936247236
E-mail:meenangadigp@gmail.com

തീയതി : 20/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇന്റേണല് വിജിലന്സ് ഓഫീസര്
തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ഓഫീസ് വയനാട്

സർ,

വിഷയം:- നവകേരള സദസ്സിൽ ലഭിച്ച പരാതി നമ്പർ 722 പെർമനൻറ് അദാലത്തിൽ ഉൾപ്പെട്ട പരാതികളിൽ രണ്ടാമതായുള്ള പരാതി -റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ വാർഡ് 7ൽ 7/553,7/554,7/7555 എന്നീ കെട്ടിടങ്ങളിൽ ശ്രീ. ക്ളിപ്പി കെ.ജെ എന്നവർ ക്രഷർ യൂണിറ്റ് നടത്തുന്നതിന് മീനങ്ങാടി ഗ്രാമ പഞ്ചായത്തിൽ 02/08/2023 തിയ്യതി പ്രവർത്തനാനുമതിയ്ക്കുള്ള അപേക്ഷയാണ് സമർപ്പിച്ചിരുനന്നത്. എന്നാൽ 640 എച്ച് പി മെഷിനറി ഇൻസ്റ്റലേഷൻ ആവശ്യമുള്ള ക്രഷർ യൂണിറ്റ് നടത്തുന്നതിനുള്ള വ്യവസായമായതിനാൽ ആയത് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷയും അനുബന്ധ രേഖകൾ സമർപ്പിക്കാത്തതിനാൽ ടിയാനെ ഫോൺ വഴി ബന്ധപ്പെട്ടതിൻ പ്രകാരം 07/10/2023 -ാം തിയ്യതിയാണ് മെഷിനറി ഇൻസ്റ്റലേഷൻ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന വിവരം ബോധിപ്പിക്കുന്നു. 5 എച്ച്.പി ക്ക് മുകളിൽ പവറുള്ള മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്യാൻ ഭരണ സമിതി അനുമതി ആവശ്യമുള്ളതിനാൽ 28-10-2023 ന് ഭരണസമിതി യോഗത്തിലേക്ക് അജൻഡ തയ്യാറാക്കി സമർപ്പിച്ചു . 9/11/2023 തിയ്യതിയിലെ ഭരണസമിതിയിൽ 11ാമത്തെ അജണ്ടയായി ഉൾപ്പെട്ടെങ്കിലും വിശദമായി പഠിക്കേണ്ട ഫയലായതിനാൽ ഭരണസമിതി ചർച്ച ചെയ്യാതെ അടുത്ത ഭരണ സമിതി യോഗത്തിലേക്ക് മാറ്റി വെക്കുകയാണുണ്ടായത് . തുടർന്ന് ഫയലിൻറെ ആധികാരികത ഉറപ്പാക്കി 18/12/2023 തിയ്യതിയിലെ ഭരണസമിതിയിൽ 23 നമ്പർ അജണ്ടയായി ചർച്ച ചെയ്യുകയും 23(1) നമ്പർ തീരുമാന പ്രകാരം മെഷിനറി ഇൻസ്റ്റാൾ ചെയ്യാനുള്ള അനുമതി നൽകി തീരുമാനം എടുത്തിട്ടുള്ളതുമാണ്. ആയത് പ്രകാരം മെഷിനറി ഇൻസ്റ്റലേഷൻ ഫീസ് അടവാക്കുന്നതിന് അപേക്ഷകന് അറിയിപ്പ്

നൽകിയിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു. ഫീസ് അടവാക്കുന്ന മുറയ്ക്ക് മെഷിനറി ഇൻസ്റ്റലേഷൻ അനുമതിയും പ്രവർത്തനാനുമതിയും നൽകുന്നതാണെന്നുള്ള വിവരം ഇതിനാൽ ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

പ്രമോദ് കുമാർ പി
അസിസ്റ്റന്റ് സെക്രട്ടറി

" ഭരണഭാഷ- മാതൃഭാഷ"

# നെൻമേനി ഗ്രാമ പഞ്ചായത്ത് കാര്യാലയം

( ISO–9001-2015 CERTIFIED )

നെൻമേനി പി.ഒ, കോളിയാടി 673592,വയനാട് ജില്ലഫോൺ : 04936 267310 Email :nenmenigp@gmail.com

എസ് സി 1 – 13268/23 23.12.2023

സെക്രട്ടറി
നെന്മേനി ഗ്രാമ പഞ്ചായത്ത്

ഇന്റേർണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ് , വയനാട്

സാർ

വിഷയം :- നവകേരളം ബഹുജന സദസ്സ് - പരാതികൾ - നെൻമേനി ഗ്രാമപഞ്ചായത്ത് - ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന :- ശ്രീ.ക്ലിപി. കെ.ജി, കുപ്പകൊല്ലി, അമ്പലവയൽ എന്നവർ ബഹു. മുഖ്യമന്ത്രി സമക്ഷം സമർപ്പിച്ച പരാതി. 722

സൂചന പ്രകാരം സമർപ്പിച്ചിട്ടുള്ള പരാതിയിൽ പരാമർശിച്ചതു പ്രകാരമുള്ള കെട്ടിടത്തിന് നിലവിൽ കെട്ടിട നമ്പർ ഇല്ലായെന്ന വിവിരം ബോധിപ്പിക്കുന്നു. പ്രസ്തുത കെട്ടിടത്തിന് കെട്ടിട നമ്പറിംഗ് ലഭ്യമാക്കി ആയത് ഹാജരാക്കുന്ന മുറയ്ക്ക് പരാതിക്കാരന് ലൈസൻസ് അനുവദിക്കുന്നതാണെന്നും ടി വിവരം പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാണ് എന്നുമുള്ള വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
നെൻമേനി ഗ്രാമ പഞ്ചായത്ത്

" ജനാധിപത്യം സത്യസന്ധത "

LSGD

# നെൻമേനി ഗ്രാമ പഞ്ചായത്ത് കാര്യാലയം

( ISO–9001-2015 CERTIFIED )

നെൻമേനി പി.ഒ, കോളിയാടി 673592,വയനാട് ജില്ലഫോൺ : 04936 267310 Email :nenmenigp@gmail.com

**എസ് സി 1 – 13204/23**

23.12.2023

**സെക്രട്ടറി**
**നെന്മേനി ഗ്രാമ പഞ്ചായത്ത്**

**ഇന്റേർണൽ വിജിലൻസ് ഓഫീസർ**
**തദ്ദേശ സ്വയം ഭരണ വകുപ്പ് , വയനാട്**

സാർ

വിഷയം :- നവകേരളം ബഹുജന സദസ്സ് - പരാതികൾ - നെൻമേനി ഗ്രാമപഞ്ചായത്ത് - കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന : - ശ്രീ.അഷറഫ് കൊണ്ടയങ്ങാടൻ, റഹ്മത്ത്നഗർ എന്നവർ ബഹു. മുഖ്യമന്ത്രി സമക്ഷം സമർപ്പിച്ച പരാതി. WYD 0181800

സൂചന പ്രകാരം സമർപ്പിച്ചിട്ടുള്ള പരാതിയിൽ പരാമർശിച്ചതു പ്രകാരമുള്ള സ്ഥലത്ത് കെട്ടിട നമ്പറിനായുള്ള അപേക്ഷ ഈ ഓഫീസിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നില മായത്തിനാൽ നിയമാനുസൃത രേഖകൾ ഹാജരാക്കുന്നതിനും വയൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുമായി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കാത്തതിനാലാണ് അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നത്. 2014 വർഷത്തിൽ സമപ്പിച്ച മേൽ അപേക്ഷ കാലഹരണപ്പെട്ടുപോയതിനാൽ കെട്ടിട നമ്പറിംഗിനായുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും ഈ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരാതിക്കാരന് കെട്ടിട നമ്പർ അനുവദിക്കുന്നതാണെന്നും ടി വിവരം പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാണ് എന്നുമുള്ള വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
നെൻമേനി ഗ്രാമ പഞ്ചായത്ത്